ടെക്സ്റ്റൈൽ വ്യവസായശാലകളിലെ തൊഴിലാളികൾ.

* 7. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ടെക്സ്റ്റൈൽസ് വ്യവസായശാലകളിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിജപ്പെടുത്തുവാനുള്ള എന്തെങ്കിലും നടപടി ഗവണ്മെന്റ് കൈക്കൊണ്ടിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ടെക്സ്റ്റൈൽസ് വ്യവസായശാലകളിലെ തൊഴിലാളികൾക്ക് കുറഞ്ഞകൂലി നിജപ്പെടുത്തുന്നതിനു നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : ഈ അടുത്ത ഭാവിയിൽ എന്തെങ്കിലും നടപടി ഏടുക്കാൻ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ : ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ബാവാ : ടെക്സ്റ്റൈൽ തൊഴിലാളികൾക്ക് കൂലി നിജപ്പെടുത്തുന്നതിനു തൊഴിലാളികൾ മെമ്മോറാണ്ടം അയച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അയച്ചിട്ടുണ്ട്.

രോഗികളുടെ ക്ഷേമച്ചെലവു്.

* 8. [8] ശ്രീമതി ഇ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ആകെ എത്ര രോഗികളെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നുണ്ടു്;

(ബി) ഒരു രോഗിക്കു ഒരു ദിവസത്തെ ക്ഷേമത്തിനു എന്തു തുക ഗവണ്മെൻറിൽനിന്നു് അനുവദിച്ചിട്ടുണ്ടു്;

(സി) തിരുവനന്തപുരം കണ്ണാശുപത്രിയിൽ രോഗികൾക്കു് ക്ഷേമച്ചെലവിനായി എന്തു തുക ഗവണ്മെൻറിൽ നിന്നു ചെലവാകുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ റഹിം) :

(എ) 1-4-1954 മുതൽ 31-3-1955 വരെ ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി 1,88,875 ഇൻപേഷ്യൻസിനെ ചികിത്സിച്ചിട്ടുണ്ടു്.

(ബി) ഒരു ദിവസത്തെ ക്ഷേമത്തിനു ഇത്ര രൂപ എന്നു് പ്രത്യേകനിരക്കൊന്നുമില്ല. ശരാശരി എട്ടണ ചെലവാകുന്നുണ്ടു്.

(സി) തിരുവനന്തപുരം കണ്ണാശുപത്രിയിൽ ക്ഷേമച്ചെലവിനായി മാസംതോറും രണ്ടായിരത്തി എഴുനൂറു രൂപാവരെ ചെലവാകുന്നുണ്ടു്.

ശ്രീമതി ഇ. ആർ. ഗൗരി : ഒരു രോഗിക്കു ഇതിനുമുമ്പു് ഒരു രൂപ നാലണ എന്നുള്ള നിരക്കു് അനുവദിച്ചിരുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : അങ്ങിനെയില്ല. രോഗിക്ക് ആവശ്യമായ ആഹാരം കൊടുക്കണമെന്ന് ഏർപ്പാടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : രോഗിക്ക് ആവശ്യമുള്ള മുഴുവൻ ആഹാരവും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : കൊടുക്കുന്നുണ്ട്.

## സോഷ്യൽ വെൽഫെയർ സെന്ററുകൾ.

* 9. [9] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ വെൽഫെയർ കേന്ദ്രങ്ങളിലെ പാൽപ്പൊടി, അരി വിതരണത്തെപ്പറ്റി നാട്ടിലുടനീളം പരാതിയുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളെപ്പറ്റി എന്തു നടപടി നടത്തി ;

(ബി) പന്തളം തെക്കേക്കര സോഷ്യൽ എഡ്യൂക്കേഷൻ സെന്ററിലെ ഭക്ഷണം, പാൽപ്പൊടി വിതരണം തുടങ്ങിയുള്ള അഴിമതിയിൽ, പ്രതിഷേധിച്ച് അതിന്റെ ചുമതലവഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്മിറ്റി ഒന്നടങ്കം രാജിവയ്ക്കുകയും പ്രതിഷേധയോഗങ്ങൾകൂടി പ്രമേയം പാസ്സാക്കി ഗവണ്മെന്റ് ലേക്കയയ്ക്കുകയും ചെയ്തിട്ടുണ്ടോ; അവിടെയുള്ള കേന്ദ്രത്തിന്റെ ഓർഗനൈസറുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(സി) പഴകുളം സോഷ്യൽ വെൽഫെയർ സെന്ററിലെ ഭക്ഷണ വിതരണത്തെപ്പറ്റിയും, അവിടെ കോഴിവളത്തൽ, തേനീച്ചവളത്തൽ എന്നിവയുടെപേരിൽ ചിലർക്ക് ഗ്രാൻറുവാങ്ങിക്കൊടുക്കുന്ന ഓർഗനൈസറെപ്പറ്റിയും പള്ളിക്കൽ പകുതി മഹിളാ സംഘം അയച്ചിട്ടുള്ള പരാതി കിട്ടിയിട്ടുണ്ടോ; അതിന്മേൽ നടപടി നടത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളുടെ ചുമതല ഒരു വെറും ഓർഗനൈസറെ ഏൽപ്പിക്കാതെ, സ്ഥലം കർഷകസംഘം, തൊഴിലാളി സംഘടനകൾ, മഹിളാ സംഘം എന്നിവയുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റിക്ക് വിട്ടുകൊടുക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) സോഷ്യൽ വെൽഫെയർ കേന്ദ്രങ്ങളിലെ പാൽപ്പൊടി, അരി വിതരണത്തെപ്പറ്റി നാട്ടിലുടനീളം പരാതിയുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗവണ്മെന്റിന് അങ്ങിനെയുള്ള പ്രമേയമൊന്നും കിട്ടിയതായി കാണുന്നില്ല. എന്നാൽ പന്തളം സെന്ററിൽ ഭക്ഷണം, പാൽപ്പൊടി മുതലായവയുടെ വിതരണത്തിൽ ക്രമക്കേടുകൾ ഉള്ളതായി പബ്ലിക്ക് ഹെൽത്ത് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ടായിരുന്നു. ഡിപ്പാർട്ടുമെന്റ് നടത്തിയ അന്വേഷണത്തിന്റെ ഫലമായി പ്രസ്തുത ആരോപണങ്ങൾ അടിസ്ഥാന രഹിതങ്ങളാണെന്ന് തെളിയുകയാൽ ഈ സെന്ററിലെ ഓർഗനൈസറുടെ പേരിൽ നടപടിയെടുക്കേണ്ട ആവശ്യം ഉണ്ടായില്ല.

(സി) അങ്ങിനെ പരാതിയൊന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly